# സൈലന്റ്‌വാലി

'നിശ്ശബ്ദതയുടെ താഴ്‌വര'യിൽ രാഷ്ട്രീയ 'ചുടലച്ചിരി'യുടെ അലകൾ പ്രതിധ്വനിക്കുന്ന ഈ അവസരത്തിൽ അവയിൽനിന്നും വ്യത്യസ്തമായി, വ്യക്തിത്വമുള്ള ഒരു സ്വരം 'മാതൃഭൂമി' 12-ാം ലക്കത്തിലൂടെ മുഴങ്ങിക്കേട്ടു—പ്രൊഫ: എം. കെ. പ്രസാദിന്റെ 'സൈലന്റ്‌വാലിയെ സംരക്ഷിക്കുക' എന്ന ലേഖനം. ഉത്തര കേരളത്തിന്റെ വിദ്യുച്ഛക്തി പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരത്തിന് 'സൈലന്റ്‌വാലി പദ്ധതി' നടപ്പാക്കണമെന്ന വാദഗതിയിലെ പൊള്ളത്തരങ്ങൾ അതി സമർത്ഥമായി ചൂണ്ടിക്കാണിച്ച പ്രൊഫ: പ്രസാദിനും, 'മാതൃഭൂമി'ക്കും അഭിനന്ദനങ്ങൾ!

നമ്മുടെ ഭരണാധികാരികളുടെ, 'സൈലന്റ്‌വാലി'യെ സംബന്ധിച്ച പ്രസ്താവനകൾ വായിച്ചപ്പോൾ 'നമ്മെ ഭരിക്കുന്ന രോഗികൾ' എന്ന പുസ്തകത്തിന്റെ ഉള്ളടക്കവും തലക്കെട്ടുമാണ് ഓർമവന്നത്. ആത്മവഞ്ചനയുടേയും കാപട്യത്തിന്റേയും ഉത്തമോദാഹരണമല്ലേ, 'വനമഹോത്സവ'ത്തെപ്പററി അധരവ്യായാമം നടത്തിയിട്ട് 'വനം മുക്ക'ലിനും, 'കാട്ടുകൊള്ള'യ്ക്കും കൂട്ടുനില്ക്കുന്നത്?

മനുഷ്യന്റേയും യന്ത്രങ്ങളുടേയും തള്ളിക്കയററം ഭൂമുഖത്ത് അപൂർവമായി മാത്രം കാണപ്പെടുന്ന ഈ പ്രദേശത്തെ ജീവജാലങ്ങളുടേയും പ്രകൃതിദത്തമായ സന്തുലിതാവസ്ഥയേയും തകിടം മറിക്കുമെന്നും, ഇതിന്റെ അപകടകരമായ ഭവിഷ്യത്ത് ആസന്ന ഭാവിയിലെ കാലാവസ്ഥയേയും വരും തലമുറകളെയും ബാധിക്കുമെന്നും ശാസ്ത്രസാങ്കേതിക ഡിപ്പാർട്ടുമെന്റിലെ ഒരു സംഘം വിദഗ്ദ്ധന്മാരുടെ മുന്നറിയിപ്പിനെ മുഖവിലയ്ക്കുപോലും എടുക്കാൻ കഴിയാത്ത പുരോഗമനത്തിന്റെ മേശാന്തിമാരായിപ്പോയല്ലൊ നമ്മുടെ നേതാക്കന്മാർ! 'എക്കോളജിക്കൽ ബാലൻസ്'' സംരക്ഷിക്കുന്നതിന് വൻകിട പദ്ധതികൾ ഉപേക്ഷിച്ച സംരംഭങ്ങൾ—യു. എസ്. എ.യിലെ ടെന്നസ്സി നദിയിലെ 'ടെല്ലിക്കൊ', വടക്കൻ കാനഡയിലെ നഗാനി നദിക്കു കുറുകെയുള്ള അണ, അരിസോണയിലെ കൊളറാഡോ നദിക്കു കുറുകെയുള്ള അണക്കെട്ട്—ഈ പ്രത്യേക പരിതഃസ്ഥിതിയിൽ നമുക്ക് മാതൃകയാക്കേണ്ടതല്ലേ?

''പ്രകൃതിയുടെ മേൽ മനുഷ്യരായ നാം നടത്തുന്ന ഈ ആക്രമണത്തെപ്പററി അത്ര വലിയ പ്രത്യാശകളൊന്നും പുലർത്തരുത്. നമ്മുടെ ഓരോ വിജയത്തിനും പ്രതികാരം ചെയ്യാൻ അവയ്ക്കു കഴിയും'' എന്ന കമ്യൂണിസ്റ്റാചാര്യനായ ഏംഗൽസിന്റെ താക്കീതെങ്കിലും, ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരുടെ മുന്നറിയിപ്പ് ഗൗനിക്കാൻ സമയമില്ലാത്ത നമ്മുടെ മുഖ്യമന്ത്രി ഓർമിച്ചെങ്കിൽ!

—പി. വി. അശോക്,
തിരുവനന്തപുരം

സൈലന്റ് വാലിയെ സംരക്ഷിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രൊഫസർ എം. കെ. പ്രസാദ് മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ (1979 ജൂൺ 3–9) എടുത്തുകാട്ടിയ വിലയേറിയ വിവരണം സൈലന്റ്‌വാലി കെട്ടിയേ അടങ്ങൂ എന്നു ശഠിക്കുന്ന നേതാക്കന്മാർ പരിഗണിച്ചേ തീരൂ. പ്രകൃതിയുടെ ലാവണ്യത്തെ മനുഷ്യനിലെ ലാഭക്കൊതി കശാപ്പുചെയ്യുകയാണെന്ന പരമാർത്ഥം ലേഖകൻ സമർത്ഥമായി തെളിയിച്ചിരിക്കുകയാണ്. ഏതു ജലവൈദ്യുത പദ്ധതി നടപ്പാക്കിയാലും കേരളത്തെ രക്ഷിക്കാൻ ഇന്നത്തെ ഭരണാധിപർക്കു സാധിക്കുകയില്ല തന്നെ. സൈലന്റ്‌വാലി പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടു പോയാൽ വിരലിലെണ്ണാവുന്ന ഏതാനും പേർക്ക് സാമ്പത്തികമായി നേട്ടമുണ്ടാവാം. പക്ഷേ, 'ആരുടെയും അധ്വാനത്തിലൂടെയല്ലാതെ പ്രകൃതി കനിഞ്ഞരുളിയ, ലക്ഷക്കണക്കിനു വർഷങ്ങൾ പഴക്കമുണ്ടെന്നു പറയുന്ന നിത്യഹരിത വനങ്ങളും അതിലെ അമൂല്യജീവജാലങ്ങളും ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനു വിപരീതമായി ''നശിപ്പിക്കപ്പെടുക'' എന്നത് നല്ലപോലെ ആലോചിച്ചു പ്രവർത്തിക്കേണ്ടുന്ന കാര്യമാണ്. ഇക്കാര്യത്തിൽ ഇന്ത്യയിലെ ജനങ്ങളുടെ അഭിലാഷം കൂടി അറിയേണ്ടതാണ്.

—വാഴുള്ളി ശിവദാസൻ, മുക്കുതല

ജൂൺ 3—9-ലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'സൈലന്റ്‌വാലിയെ സംരക്ഷിക്കുക' എന്ന ലേഖനത്തിന് നമസ്കാരം. ഇതിന്നർത്ഥം, ഈ ലേഖനത്തിലെ അതലസ്പർശിയായ ഉപദേശം ഉൾക്കൊണ്ട് നാം ആ പദ്ധതി ഉപേക്ഷിച്ചേക്കും എന്ന് പ്രതീക്ഷിക്കുന്നുവെന്നോ ആശിക്കുന്നുവെന്നോ അല്ല. അല്ലേ അല്ല. എത്രയോ ആപല്ക്കരങ്ങളാണെന്ന് എത്രയോ വ്യക്തമായ കാര്യങ്ങളെപ്പോലും കൈവിടാൻ കൂട്ടാക്കാത്ത സ്ഥിര പ്രത്യയശാലികളാണല്ലൊ നാം. എങ്കിലും, പ്രകൃതിയെ പൂർണ്ണമായും കീഴടക്കിക്കഴിഞ്ഞിരിക്കുന്നു എന്ന അഹങ്കാര പ്രൗഢിയോടെയുള്ള നമ്മുടെ ഈ ജൈത്രയാത്ര ഇത്രയേറെ പുരോഗമിച്ചിട്ടും അല്പസ്വല്പം വിവേകം ഇനിയും നമ്മിൽ അവശേഷിച്ചിരിപ്പുണ്ടല്ലൊ എന്നോർത്ത് പ്രസ്തുത ലേഖനത്തെ നമസ്കരിക്കാൻ തോന്നുന്നു.

—ടി. എം. ത്രിവിക്രമൻ
നമ്പൂതിരിപ്പാട്, മലപ്പുറം